കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) വിദേശസഹായത്തോടെ പുതിയ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്ന നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നെൽക്കൃഷി വികസനത്തിനായി നടപടി

19 [*223] ശ്രീ. ടി. പി. രാമകൃഷ്ണൻ :

ഡോ. തോമസ് ഐസക് :

ശ്രീ. എ. സി. മൊയ്തീൻ :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കൃഷി വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) തരിശ് കിടന്ന എത്ര ഏക്കർ സ്ഥലത്താണ് സർക്കാർ പുതുതായി നെൽക്കൃഷി നടത്തിയിട്ടുള്ളത് ;

(ഡി) നെൽക്കൃഷി നടത്തിയിരുന്ന എത്ര ഏക്കർ സ്ഥലമാണ് ഇപ്പോൾ തരിശായി കിടക്കുന്നത്;

(ഇ) നെൽക്കൃഷി നടത്തുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ & ബി) (1) സംസ്ഥാനാവിഷ്കൃത നെൽക്കൃഷി വികസന പദ്ധതി പ്രകാരം 2004-2005 വർഷത്തിൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 600 ലക്ഷം രൂപയ്ക്കും ഉള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

(2) ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം ഹെക്ടറിന് 1000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

(3) നെൽക്കൃഷി വികസന ഏജൻസികൾ വഴി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 50 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

(4) കർഷകർക്ക് ആവശ്യമുള്ള സർട്ടിഫൈഡ് വിത്ത് ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിന് വിത്ത് വികസന അതോറിറ്റിക്ക് 27 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

(5) വിത്തു പരിശോധനാ ലാബുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(6) നെൽക്കൃഷിക്ക് പൂർണ്ണമായും വൈദ്യുതി സൗജന്യം അനുവദിക്കുന്നുണ്ട്.

(7) ഒരു സീസണിൽ ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നു. പ്രസ്തുത പദ്ധതിക്കായി 1061.80 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

(8) രജിസ്റ്റേർഡ് വിത്ത് ഉല്പാദന പദ്ധതി പ്രകാരം 140 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു.

(9) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 343 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

(10) സംയോജിത വളപ്രയോഗ പദ്ധതി പ്രകാരം 22.5 ലക്ഷം രൂപയും സംയോജിത കീട നിയന്ത്രണ പദ്ധതി പ്രകാരം 37.68 ലക്ഷം രൂപയും ചെലവഴിക്കുന്നതാണ്.

(11) കൊയ്ത്തു കാലത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായ വില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നു.

(12) വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകിയിട്ടുണ്ട്.

(13) വിളനാശം നേരിട്ട കർഷകർക്കുള്ള നഷ്ട പരിഹാര തുക ഇരട്ടിയാക്കിയിട്ടുണ്ട്.

(14) വിവര സാങ്കേതികവിദ്യയുടെയും ജൈവ സാങ്കേതികവിദ്യയുടെയും അനന്ത സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നെൽക്കൃഷി ഉൾപ്പെടെ സംസ്ഥാനത്തെ കാർഷിക രംഗം നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

(15) കുട്ടനാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട 33,000 ഹെക്ടർ വരുന്ന പാടശേഖരങ്ങളുടെ വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം 9620.10 ഹെക്ടർ തരിശു ഭൂമിയിലും നടപ്പു വർഷം 16544.20 ഹെക്ടർ തരിശു ഭൂമിയിലും കൃഷി ചെയ്തിട്ടുണ്ട്. ഇതിൽ ഏതാണ്ട് 50% സ്ഥലത്ത് നെൽക്കൃഷിയാണ് ചെയ്തിട്ടുള്ളത്.

(ഡി) ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കു പ്രകാരം 2002-2003 വർഷം സംസ്ഥാനത്ത് ആകെ 68761 ഹെക്ടർ നെൽപ്പാടങ്ങൾ തരിശായി കിടക്കുന്നതായി കണക്കാക്കിയിട്ടുണ്ട്.

(ഇ) ചോദ്യം (എ, ബി) എന്നീ പിരിവുകൾക്കുള്ള ഉത്തരത്തിൽ വിശദീകരിച്ചിട്ടുള്ള സഹായങ്ങൾ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly